34

# ദൈവത്തിന്റെ ആയുധം

## (6:13-18)

പിശാചു നിരന്തരമായി നമ്മെ പിടിച്ചു നമ്മുടെ കവചം താഴെയിടുവാൻ അവസരം നോക്കിക്കൊണ്ടിരിക്കയാണ്. സാത്താൻ മനസലിവില്ലാത്തവനാണ്. നമ്മുടെ കഴിഞ്ഞ പാഠത്തിൽ, അവൻ എങ്ങനെ നമ്മോടു പോരാടുന്നു എന്നു നാം കണ്ടു. എത്രത്തോളം ജീവിതങ്ങളെ നശിപ്പിക്കാമോ അത്രത്തോളം അവൻ നശിപ്പിക്കാൻ ശ്രമിക്കും. നിങ്ങളുടെ കുടുംബത്തിന്റെ ഏറ്റവും മോശമായ ശത്രുവാണ് പിശാചു എന്നു മനസ്സിലാക്കുക. അവന്റെ ആക്രമണം നേരിടുവാൻ ഒരുങ്ങുക. അതു വരും, നിങ്ങൾ ജീവിക്കുന്നേടത്തോളം അതു വന്നുകൊണ്ടേയിരിക്കും.

ഇതു പൗലൊസ് എഫെസ്യർക്കു നല്കുന്ന അവസാന നിർദ്ദേശങ്ങളുടെ ആവശ്യകതയെ വിവരിക്കുന്നു:

> അതുകൊണ്ടു, നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും കഴിയേണ്ടതിനു, ദൈവത്തിന്റെ, സർവ്വായുധ വർഗ്ഗം, എടുത്തു കൊൾവിൻ. നിങ്ങളുടെ അരെക്കു, സത്യം കെട്ടിയും, നീതി എന്ന കവചം ധരിച്ചും, സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും; എല്ലാറ്റിനും മീതെ, ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും, ദൈവവചനം എന്ന ആത്മാവിന്റെ വാളും, കൈക്കൊൾവിൻ. സകല പ്രാർത്ഥനയാലും യാചനയാലും, ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ സ്ഥിരത കാണിപ്പിൻ (6:13-18).

നിങ്ങൾ എപ്പോഴെങ്കിലും ആത്മിയ ആക്രമണത്തിൽപെട്ടതായി കാണുവാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ നിരാശപ്പെട്ടേക്കാം അല്ലെങ്കിൽ നിരുത്സാഹപ്പെട്ടേക്കാം, അല്ലെങ്കിൽ ശക്തമായ പരീക്ഷണം നേരിട്ടേക്കാം. നിങ്ങൾ നിങ്ങളുടെ യുവത്വ - പ്രായത്തെ കുറിച്ചു അതിശയിച്ചേക്കാം: അവന്റെ സ്നേഹിതന്മാരാണോ അവനെ മയക്കുമരുന്നു കഴിക്കുവാൻ പ്രേരിപ്പിച്ചത്? അവളുടെ കൂട്ടുകാരികളാണോ അവളെ ലൈംഗികമായി സജീവമാകുവാൻ പ്രേരിപ്പിച്ചത്? പ്രാദേശിക സഭയോ? മനുഷ്യരുടെ അഭിപ്രായങ്ങൾ വ്യത്യസ്തമാകുന്നതുകൊണ്ടാണോ വിയോജിപ്പുകൾ സംഭവിക്കുന്നത്, അല്ലെങ്കിൽ പിശാചാണോ കൂട്ടായ്മ തകർക്കുവാൻ ശ്രമിക്കുന്നത്?

നിങ്ങളുടെ ജീവിതത്തിൽ കുഴപ്പം മാത്രമേയുള്ളൂ എന്നും, നിങ്ങളും നിങ്ങൾക്കു ചുറ്റുമുള്ളവരും താഴോട്ടാണു പോകുന്നതെന്നും, നിങ്ങളുടെ രാജ്യം ഭിന്നതയിലാണെന്നും തോന്നുന്നെങ്കിൽ, നിങ്ങൾ ആത്മീയ ആക്രമ ണത്തിലാണ്. നിങ്ങൾക്കു വേണ്ട സുവാർത്ത പൗലൊസിന്റെ വാക്കുകളിൽ ഉണ്ട്. നിങ്ങൾക്കു തിരിച്ചും ആക്രമിക്കാം. നിങ്ങൾക്ക് അതിനു ചിലതു ചെയ്യു വാൻ കഴിയും. നിങ്ങൾക്കു വിജയിക്കുവാനും കഴിയും!

*ദൈവത്തിലും അവൻ നല്കുന്നതായ ആയുധങ്ങളിലും ആശ്രയിച്ചാൽ ക്രിസ്ത്യാനികൾക്ക് പിശാചിന്റെ ആക്രമണങ്ങളെ അതിജീവിക്കുവാൻ കഴി യും.*

## പോരാട്ടത്തിനുള്ള ആയുധങ്ങൾ

ആത്മീയ യുദ്ധത്തിനു ആത്മീയ ആയുധങ്ങളാണ് ആവശ്യം. നിങ്ങളുടെ കുടുംബം ആത്മീയ പോരാട്ടത്തിലായിരിക്കുമ്പോൾ സുരക്ഷാ സംവിധാന മോ, കരാട്ടെ പാഠങ്ങളോ, തോക്കുകളോ ഉപകരിക്കുകയില്ല. ആത്മീയ പോരാ ട്ടത്തിനു മറ്റൊരു പ്രതലമാണ് വേണ്ടതു, അതു നാം കാണുന്ന, ഭൗതിക ലോകത്തിനു വെളിയിലാണ്. നമ്മുടെ പോരാട്ടം, അദൃശ്യമായ ആത്മീയ ശക്തിയുമായാണ് എന്ന്, പൗലൊസ് എഫെസ്യ ലേഖനത്തിൽ രണ്ടുപ്രാവ ശ്യം പറഞ്ഞിരിക്കുന്നു. ക്രിസ്തുവിനെ കൂടാതെയുള്ള അവരുടെ മുമ്പി ലത്തെ ജീവിതത്തെ പൗലൊസ് അദ്ധ്യായം 2-ൽ ഓർമ്മിപ്പിക്കുന്നുണ്ട്: "അതി ക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പി ച്ചു, അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും, ആകാ ശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാ പരിക്കുന്ന ആത്മാവിനും അധിപതി ആയവനെയും, അനുസരിച്ചു നടന്നു" (2:1, 2). പൗലൊസ് എന്താണ് അർത്ഥമാക്കിയത്? അവന്റെ വായനക്കാർ ഒരിക്കൽ പിശാചിനോടുള്ള യുദ്ധത്തിൽ പരാജിതരുടെ കൂട്ടത്തിൽ ആയി രുന്നു.

ക്രിസ്തുവിൽ, നാം വിജയിക്കുന്നവരുടെ കൂടെ ആകുന്നു. അതിനർത്ഥം യുദ്ധം തീർന്നു എന്നാണോ? അല്ല, പിശാചു ഇപ്പോഴുമുണ്ട്. അവനെ നാം ഗണ്യമാക്കാതെയിരുന്നാൽ, അവൻ നമ്മെ കീഴ്പ്പെടുത്തും. എങ്ങനെയായാ ലും, ഞാൻ ദൈവവചനം ശ്രദ്ധിച്ചാൽ, എനിക്കു ദൈവശക്തി സ്വീകരിക്കു വാനും അവന്റെ ആയുധം ഉപയോഗിച്ചു പിശാചിനെ തോല്പിക്കുവാനും കഴിയും.

ദൈവത്തിന്റെ ആയുധത്തിൽ എന്താണ് ഉൾപ്പെട്ടിരിക്കുന്നത്? പൗലൊസ് ആറുകാര്യങ്ങൾ പറഞ്ഞിരിക്കുന്നു.

*ഒന്നാമത്തേത് സത്യമെന്ന തോൽവാർ ആണ്.* "നിങ്ങളുടെ അരെക്കു സത്യം കെട്ടി, ഉറച്ചു നില്പിൻ" (വാ.14). ദ എൻഐവി പറയുന്നതു, "... സത്യമെന്ന തോൽവാർ നിങ്ങളുടെ അരക്കു ചുറ്റും കെട്ടുക." പൗലൊ സിന്റെ കാലത്തെ പടയാളിയുടെ ആയുധങ്ങളിൽ ഒന്ന് ബെൽറ്റ് ആയിരു ന്നു. ബെൽറ്റിനു രണ്ടുപയോഗങ്ങൾ ഉണ്ടായിരുന്നു: (1) മാർച്ചു ചെയ്യുമ്പോഴും യുദ്ധം ചെയ്യുമ്പോഴും ധരിച്ചിരിക്കുന്ന വസ്ത്രം അഴിഞ്ഞുപോകാതെയും തടസപ്പെടുത്താതെയും മുറുകെ പിടിച്ചിരിക്കേണ്ടതിന്, (2) അവന്റെ വാൾ ശരിയായ സ്ഥാനത്തു ഉറപ്പിച്ചു വയ്ക്കുവാൻ. ഒരു പടയാളി തന്റെ ബെൽറ്റിന്റെ ബക്കിൾ ഇടുമ്പോൾ, അവൻ യുദ്ധത്തിനു തയ്യാറായി എന്നു

കാണിക്കുന്നു. ജോലി ശരിയായി ചെയ്യുവാൻ അതവന് ആത്മവിശ്വാസം നല്കുന്നു.

പിശാചിനെ നേരിടുമ്പോൾ, ആത്മവിശ്വാസമുണ്ടെങ്കിൽ നമുക്ക് അതിനു സാധിക്കും – ആത്മവിശ്വാസത്തോടൊപ്പം സത്യവും ഉണ്ടാകണം. സത്യം സൂചിപ്പിക്കുന്നതു ഉപദേശവും ആത്മാർത്ഥതയുമാണ്. നാം ദൈവത്തിന്റെ സത്യം വിശ്വസിച്ചാൽ മാത്രം പോരാ, ഓരോ ദിവസവും അപ്രകാരം ജീവിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കയും വേണം. നാം സത്യം പ്രഖ്യാപിച്ചാൽ മാത്രം പോരാ, നമ്മുടെ ജീവിതം കൊണ്ടു നാം കാണിച്ചുകൊടുക്കുകയും വേണം. ഈ ഉപദേശപരമായ സത്യവും അങ്ങനെ ജീവിക്കുവാനുള്ള ആത്മാർത്ഥതയും ക്രിസ്ത്യാനിക്കു ആത്മവിശ്വാസം നല്കി സാത്താനോടു പോരാടുവാൻ തയ്യാറാക്കുകയും ചെയ്യും. സത്യം അറിഞ്ഞാൽ മാത്രം പോരാ. നാം അങ്ങനെ ജീവിക്കുവാനുള്ള പരിശ്രമത്തിൽ ആത്മാർത്ഥത ഉണ്ടാകണം.

*ആയുധങ്ങളിൽ രണ്ടാമതു വേണ്ടത് നീതി എന്ന കവചം ആണ്.* നാം ഉറച്ചു നില്ക്കണം, “അതു നീതിയുടെ കവചം ധരിച്ചുകൊണ്ടാകണം” (വാ. 14). ഒരു പടയാളിയുടെ ശരീരത്തിന്റെ മുൻഭാഗം ഒരു ലോഹത്തകിടുകൊണ്ടു ആവരണം ചെയ്യുന്നതാണ് കവചം. പൗലൊസ് പറഞ്ഞതു ദൈവം നമുക്ക് നീതിയുടെ കവചം നല്കി എന്നാണ്. നീതി തെളിയിക്കുന്നത് നാം ദൈവത്തോടുകൂടെ ആണെന്നാണ്. നാം പാപം ചെയ്തു നിത്യശിക്ഷക്കു അർഹരായെങ്കിലും, ദൈവം ക്രിസ്ത്യാനികളെ ക്രിസ്തുവിൽ നീതിമാന്മാരായി എണ്ണുന്നു. നാം വായിക്കുന്നു, “പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു, അവൻ നമുക്കുവേണ്ടി പാപം ആക്കി” (2 കൊരിന്ത്യർ 5:21).

നീതിപൂർവ്വം ജീവിക്കുന്നതു നമുക്കു തിരഞ്ഞെടുക്കുവാനും കഴിയും. ദൈവത്തിനു മഹത്വം കൊടുക്കുന്ന രീതിയിലുള്ള ജീവിതം തിരഞ്ഞെടുക്കുവാൻ നമുക്കു കഴിയും. ഓരോ ദിവസവും, ദിവസം മുഴുവനും ആ തിരഞ്ഞെടുപ്പു ഉള്ളതിനാൽ, മാർഗ്ഗ മദ്ധ്യേ പിശാചു എന്തുകൊണ്ടു വന്നാലും പ്രശ്നമല്ല.

*മൂന്നാമത്തേതു ആത്മിയ ചെരിപ്പാണ്.* നാം ഉറച്ചു നില്ക്കേണ്ടതു, “സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം [നമ്മുടെ] കാലിന്നു ചെരിപ്പാക്കികൊണ്ടാണ്” (6:15). ഉപ്പൂറ്റി – തുറന്നിരിക്കുന്ന ഹാഫ് – ബൂട്ട് ആയിരുന്നു റോമാ പടയാളികൾ ധരിച്ചിരുന്നത്. ആ ചെരിപ്പിന്റെ അടിയിൽ ലാഡം അടിച്ചിരുന്നു. അതിന്റെ ഉദ്ദേശ്യം ഏതാണ്ട് ഇന്നത്തെ ഫുട്ട്ബോൾ കളിക്കാർ ധരിക്കുന്ന ഷൂസിനു തുല്യമായതായിരുന്നു. അവ പടയാളികളുടെ കാൽ തറയിൽ നിന്നു തെന്നി പോകാതെ യുദ്ധം ചെയ്യുവാൻ സഹായിക്കുന്നു. അവർ ചെയ്തിരുന്ന യുദ്ധം അധികവും ഓരോ – ആളും – ആയും, കൈ – കയ്യു – മായിട്ടായിരുന്നു, അതുകൊണ്ട് ആ ബൂട്ടുകൾ റോമാ പടയാളികൾക്ക് പ്രയോജനപ്പെട്ടിരുന്നു.

വിഷമസന്ധിയിൽ വീണു പോകാതിരിക്കുന്നതിനു ക്രിസ്ത്യാനികൾക്കു ദൈവത്തിൽ നിന്നു സമാധാനം ലഭിക്കുന്നു. ഒന്നാമതു, *ദൈവവുമായുള്ള* സമാധാനമാണ്: “വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്” (റോമർ 5:1). നമുക്കു *ദൈവത്തിന്റെ* സമാധാനവുമുണ്ട്. സകല ബുദ്ധിയേയും കവിയുന്ന സമാധാനം ആണത്. അതു “നിങ്ങളുടെ ഹൃദയങ്ങളേയും നിന

വുകളെയും ക്രിസ്തുവിൽ കാക്കും" (ഫിലിപ്പിയർ 4:7). ദൈവത്തോടുകൂടെ നടക്കുമ്പോൾ ഒരു ക്ഷേമ – ഐശ്വര്യം തോന്നും, പിശാച് അതിനെ വെറുക്കും. അവൻ നമ്മെ കുഴപ്പത്തിലാക്കുവാനാണ് ആഗ്രഹിക്കുന്നത് – കൊടുത്തു തീർക്കേണ്ട കടങ്ങളെയും നിശ്ചയിച്ചുറപ്പിച്ച പരിപാടികളെയും കുറിച്ചു ദുഃഖിക്കുന്നതും, രോഗത്താൽ വിഷാദിക്കുന്നതും, കൂടുതൽ ജോലി കൾ ചെയ്യേണ്ടിവരുമ്പോഴുള്ള സമ്മർദ്ദവും, വൈകാരികമായി തകരുന്നതും എല്ലാം പിശാചിന്റെ പ്രവൃത്തിയിൽ പെടുന്നു. നമ്മിൽ നിന്നു സമാധാനം കവർന്നെടുക്കുവാനാണ് പിശാച് ആഗ്രഹിക്കുന്നത്. പ്രതിസന്ധികളിൽ ദൈവത്തിൽ നിന്നും എങ്ങനെ സമാധാനം കിട്ടുമെന്നറിയാവുന്ന ക്രിസ്ത്യാ നികളെ കാണുമ്പോൾ പിശാചിനു നിരുത്സാഹം അനുഭവപ്പെടും.

*നാലാമതു വിശ്വാസം എന്ന പരിചയാണ്.* "എല്ലാറ്റിനും മീതെ, ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ" (വാക്യം 16). ഒരു റോമാ പടയാളിയുടെ പരിച വളരെ വലുതാണ്. അതു പടയാളിയോളം നീളവും വീതിയും ഉണ്ടാകും. അതു അവനെ പൂർണ്ണമായി മറച്ചു കൊണ്ട് സംരക്ഷിക്കും, പ്രത്യേകിച്ചു ജ്വ ലിക്കുന്ന അമ്പുകളിൽ നിന്നു. നമ്മുടെ വിശ്വാസം അങ്ങനെയാണ് നമ്മിൽ പ്രവർത്തിക്കുന്നത്. വിശ്വാസം ദൈവവാഗ്ദാനങ്ങളെ മുറുകെ പിടിച്ചു പിശാ ചിന്റെ അമ്പുകളെ തടുക്കുവാൻ അവയെ ഉപയോഗിക്കുന്നു – ഭയം, നിരാശ, ത്യജിക്കൽ, വിമർശനം, കൂടാതെ അവൻ നമ്മെ അലോസരപ്പെടുത്തുന്ന എന്തിനെയും അതു തടുക്കുന്നു.

അടുത്ത സമയത്തു, ഏതാനും ക്രിസ്ത്യാനികൾ ഒരുമിച്ച് ഇരുന്നു ദൈവ ത്തിന്റെ വാഗ്ദാനങ്ങളെ നോക്കുവാൻ തുടങ്ങി. തന്റെ ജീവിതാനുഭവം വെച്ചു ഓരോരുത്തരും വാദിക്കേണ്ടതിന് ആവശ്യമുള്ള വാഗ്ദാനങ്ങളെ തിരഞ്ഞെ ടുത്തു. നമ്മുടെ ജീവിതത്തിന്റെ എല്ലാ ഭാഗത്തിനും ആവശ്യമുള്ള വാഗ്ദാ നങ്ങൾ ദൈവം നല്കുന്നു എന്നറിയുന്നതു പ്രോത്സാഹജനകം തന്നെ. അവ നമ്മെ പൊക്കിയെടുത്തു, ദുഷ്ടനിൽ നിന്നു സംരക്ഷിച്ചു, തുടരുവാൻ നമ്മെ സഹായിക്കുന്നു.

*അഞ്ചാമത്തെ ആയുധം രക്ഷ എന്ന ശിരസ്ത്രം ആണ്.* "രക്ഷ എന്ന ശിരസ്ത്രം ധരിക്കുക" (6:17). മാരകമായ ക്ഷതം തലയിൽ ഏല്ക്കാതിരിക്കു ന്നതിനാണ് പടയാളി ശിരസ്ത്രം ധരിക്കുന്നത്. നമ്മുടെ ദൈവത്തിൽ നിന്നുള്ള രക്ഷയെ കുറിച്ചു ദൈവം പറയുന്നു, "നിങ്ങൾ വിശ്വാസത്തിൽ നടക്കുന്നു എങ്കിൽ, പിശാചു നിങ്ങളിൽ മാരകമായ ക്ഷതം ഏല്പിക്കുകയി ല്ല. നിങ്ങളുടെ രക്ഷ എടുത്തു കളയുവാൻ അവനു സാധ്യമല്ല." നിങ്ങൾക്കു രക്ഷയിൽ നിന്നു പുറം തിരിഞ്ഞു നില്ക്കാം, എന്നാൽ രക്ഷ നിങ്ങളിൽ നിന്നു എടുത്തു മാറ്റുവാൻ അവനു സാധ്യമല്ല. ദൈവം ഒരു ശിരസ്ത്രമാ യിട്ടാണ് രക്ഷ നല്കുന്നത്. ഒരു ക്രിസ്ത്യാനി ആയി തീർന്നാൽ, നിങ്ങൾക്കു ക്രിസ്തുവിൽ നിത്യ ജീവൻ ഉണ്ടെന്നു ഉറപ്പിക്കാം.

*ആറാമത്തേതു ആത്മാവിന്റെ വാളാണ്.* ദൈവത്തിന്റെ ആയുധങ്ങളിൽ "ദൈവവചനം എന്ന, ആത്മാവിന്റെ വാളും" ഉൾപ്പെടുന്നു (6:17). ഈ ആറു ആയുധങ്ങളിൽ, വാൾ ആക്രമിക്കുവാൻ മാത്രമല്ല പ്രതിരോധിക്കുവാനും ഉപയോഗിക്കുന്നു. ദൈവവചനം അങ്ങനെയാണ്. അതിനു പ്രതിരോധിക്കു വാനും പോരാടുവാനും ഉള്ള കഴിവുണ്ട്. പ്രതിരോധിക്കുന്ന രീതിയിൽ, പരീ ക്ഷണത്തെ നേരിടുവാൻ നാം ദൈവവചനം ഉപയോഗിക്കും, അതു മരുഭൂ

മിയിൽ സാത്താൻ യേശുവിനെ പരീക്ഷിച്ചപ്പോൾ യേശു തിരുവെഴുത്തു ഉദ്ധരിച്ചതുപോലെയായിരുന്നു (മത്തായി 4:1-11). എതിർക്കുന്ന രീതിയിൽ, സുവിശേഷ പ്രവർത്തനത്തിനു നാം ദൈവവചനം ഉപയോഗിക്കുന്നു. സുവിശേഷം രക്ഷക്കുള്ള ദൈവശക്തിയാണ് (റോമർ 1:16). ഇരുട്ടിന്റെ രാജ്യത്തിൽ നിന്നു ദൈവരാജ്യത്തിലേക്കു ആളുകളെ തിരിച്ചു കൊണ്ടുവരുന്നതിനാണ് നാം വചനം ആളുകളിൽ എത്തിക്കുന്നത്. പിശാചിനോടു പോരാടുവാൻ വചനം നമ്മെ സഹായിക്കും.

ആ ആറു ആയുധങ്ങളും ചേരുന്നതാണ് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം. ദൈവം അവ നല്കും, പക്ഷെ നാം അവ ധരിക്കണം. നിങ്ങൾ ഈ ആയുധങ്ങൾ ധരിക്കുന്നുണ്ടോ?

ദൈവത്തോടുകൂടെ ആത്മാർത്ഥമായും മറ്റൊന്നിനും - പുറകോട്ടു - വലിക്കുവാൻ പറ്റാത്തവണ്ണം നടക്കുന്നതിൽ നിന്നും ലഭിക്കുന്ന, ആത്മവിശ്വാസത്തോടു കൂടെയാണോ നിങ്ങൾ പിശാചിനെ നേരിടുന്നത്? ഓരോ ദിവസവും ദൈവം ആഗ്രഹിക്കുന്നതുപോലെ ജീവിക്കുവാൻ തിരഞ്ഞെടുക്കേണ്ടതിന് സമർപ്പിച്ചുകൊണ്ടാണോ നിങ്ങൾ സാത്താനോടു പൊരുതുന്നത്? ദൈവം തരുന്ന ശാന്തമായ സമാധാനത്താലാണോ നിങ്ങൾ പിശാചിന്റെ ആക്രമണത്തെ നേരിടുന്നത്? പിശാചു നിങ്ങളെ എറിയുന്നതിനെ പ്രതിരോധിക്കുവാൻ സംരക്ഷണത്തിനായി നിങ്ങൾ ദൈവവാഗ്ദാനങ്ങളിൽ ആശ്രയിക്കുന്നുണ്ടോ? നിങ്ങളുടെ രക്ഷയിൽ നിങ്ങൾക്കു ആത്മവിശ്വാസമുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ഉപയോഗിക്കേണ്ടതിനു നിങ്ങൾ ദിവസവും ദൈവവചനത്തിനായി സമയം ചെലവിടാറുണ്ടോ? നിങ്ങൾ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗമെല്ലാം ധരിക്കുന്നുണ്ടോ? പോരാടുവാനുള്ള ആയുധങ്ങൾ എല്ലാം ദൈവം നമുക്കു തരും.

**പോരാട്ടത്തിനു വേണ്ട പ്രാർത്ഥന**

ദൈവം തന്റെ ജനത്തിനു മറ്റൊരു പ്രധാനപ്പെട്ട വിഭവം തരുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു: "സകലപ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ടു, സകലവിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിപ്പിൻ" (6:18). പോരാടുവാൻ ദൈവം നമുക്കു പ്രാർത്ഥന തന്നിരിക്കുന്നതായി പൗലൊസ് പറഞ്ഞിരിക്കുന്നു. എന്തുകൊണ്ട്? കാരണം ദൈവത്തിന്റെ ആയുധവർഗ്ഗം ധരിക്കുവാൻ നമുക്കു പ്രാർത്ഥന വേണം. ദൈവത്തിലുള്ള നമ്മുടെ ആശ്രയം പ്രകടിപ്പിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥിക്കുവാൻ താല്പര്യമില്ലാത്തവർ പറയും, "എനിക്കു ദൈവം വേണ്ട. അവനെ കൂടാതെ എനിക്ക് എല്ലാം ചെയ്യുവാൻ കഴിയും. എനിക്കു തന്നെ അതെല്ലാം കൈകാര്യം ചെയ്യാൻ കഴിയും." ഈ മനോഭാവം ആത്മിയ പരാജയത്തെ കാണിക്കുന്നു. നമ്മുടെ കഴിവുകൊണ്ട് നമുക്ക് ആർക്കും പിശാചിനെ പരാജയപ്പെടുത്തുവാൻ സാധ്യമല്ല. പ്രാർത്ഥന നമ്മെ ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സഹായിക്കുന്നു.

6:18-ലെ പ്രാർത്ഥനയെ സംബന്ധിച്ച പൗലൊസിന്റെ നിർദ്ദേശങ്ങളിലെ "സകലവും" എന്നതു ശ്രദ്ധിക്കുക. അവന്റെ വാക്കുകൾ ക്രിസ്ത്യാനികളായി നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനക്ക് ഉള്ള ശക്തി മനസ്സിലാക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നു, "സകലവും" എന്നതിന്റെ നാലു ഉപയോഗ

ങ്ങളും പറഞ്ഞിട്ടുണ്ട്.

1. *സകലനേരവും നാം പ്രാർത്ഥിക്കണം.* പിശാചിൽ നിന്നും അകന്നു നടക്കുവാനും അവനെ എതിർക്കുവാനും, നാം പ്രാർത്ഥന ദിവസേനയുള്ള ശീലമാക്കി എടുക്കണം.

2. *സകല പ്രാർത്ഥനയും യാചനയും നാം നടത്തണം.* നമ്മുടെ ജീവിത ത്തിൽ സംഭവിക്കുന്നതനുസരിച്ചു ദൈവത്തോടു നാം വിവിധ രീതികളിൽ ആശയവിനിമയം നടത്തണം. സാഹചര്യത്തിൽ ഏറ്റു പറച്ചൽ, സ്തോത്രം, അന്യനുവേണ്ടിയുള്ള വാദം, സ്തുതി, പുകഴ്ച്ച, പാട്ട്, അല്ലെങ്കിൽ മറ്റു രീതി യിലുള്ള ചില പ്രാർത്ഥനകളും ആവശ്യമായേക്കാം.

3. *നാം എല്ലായ്പ്പോഴും ജാഗ്രതയോടെ പ്രാർത്ഥിക്കണം.* യേശു ഗദ്ശ മെനയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ശിഷ്യന്മാർ ഉറങ്ങിപ്പോയി. അതാണ് ആളുകളുടെ രീതി. നാം പ്രാർത്ഥിക്കേണ്ട സമയത്ത് ഒന്നുകിൽ ഉറങ്ങുകയോ അല്ലെങ്കിൽ സാഹചര്യത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുത്തു കയോ ചെയ്യും.

4. *സകല ക്രിസ്ത്യാനികൾക്കും വേണ്ടി നാം പ്രാർത്ഥിക്കണം.* പിശാചി നെതിരായ നമ്മുടെ പോരാട്ടത്തിൽ നാം ഒരുമിച്ചു നില്ക്കുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്. പരസ്പരം പ്രാർത്ഥിക്കുന്ന ഐക്യതയുള്ള ദൈവഭ വനത്തിന് സാത്താന്റെ ആക്രമണത്തെ ചെറുക്കുവാൻ ശക്തിയുണ്ടാകും.

വർഷങ്ങളായി, പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിക്കുന്നതിനു ഒരു ചിട്ട വരുത്തുന്നതിൽ ഞാൻ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു ക്രിസ്ത്യാ നികൾ അവർ പ്രാർത്ഥിക്കുന്നതിൽ പരാജയപ്പെടുന്നത് എന്നോടു പങ്കു വെക്കാറുണ്ട്. പ്രാർത്ഥനയുടെ കാര്യത്തിൽ നാം പരാജയപ്പെടുന്നത് എന്തു കൊണ്ടാണ്? പല കാരണങ്ങൾ നമ്മുടെ മനസ്സിലേക്കു വരുമെന്നു ഞാൻ കരുതുന്നു, എന്നാൽ *ഡിസൈറിങ് ഗോഡ്* എന്ന പുസ്തകത്തിൽ ജോൺ പൈപ്പർ പറയുന്നതു നോക്കുക.

> ഞാൻ കാര്യമായ തെറ്റൊന്നും ചെയ്തില്ലെങ്കിൽ, ദൈവമക്കളിൽ ധാരാളം പേർ പ്രാർത്ഥനക്കു പ്രാധാന്യം കൊടുക്കാതിരിക്കുന്നതിനുള്ള കാരണം അവർ ആഗ്രഹിക്കാഞ്ഞിട്ടല്ല, മറിച്ചു അവർ തയ്യാറാകാത്തതുകൊണ്ടാണ്. നാല് ആഴ്ച്ച നീണ്ട ഒഴിവു കാല സന്ദർശനം നടത്തുവാൻ നിങ്ങൾ ആഗ്ര ഹിച്ചാൽ, യാദൃശ്ചികമായി ഒരു ദിവസം നിങ്ങൾ, "ഹായ്, നമുക്കുപോകാം!" എന്നു പറയുകയില്ല. നിങ്ങൾ ഒന്നിനും തയ്യാറായിട്ടില്ല. എവിടെ പോകണം എന്നു നിങ്ങൾക്ക് അറിയില്ല. ഒരു പ്ലാനും ഇട്ടിട്ടില്ല.
>
> എന്നാൽ അങ്ങനെയാണ് നമ്മിൽ പലരും പ്രാർത്ഥനയെ വിചാരിക്കു ന്നത്. നാം ഓരോ ദിവസവും നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനക്കായി പ്രത്യേക സമയം വേണമെന്നു വിചാരിക്കുന്നു, പക്ഷെ ഒരു തയ്യാറെടുപ്പും നടത്തുകയില്ല. എവിടെ പോകണം എന്നു നമുക്ക് അറിയില്ല. ഒരു പ്ലാനും നടത്തിയിട്ടില്ല. സമയമില്ല. സ്ഥലവുമില്ല. ഒരു നടപടിയുമില്ല. അതിനു വിപ രീതമായി തയ്യാറെടുപ്പില്ലാത്ത പ്രാർത്ഥന അഗാധമോ, ഒഴുക്കോടുകൂടിയതോ ആയിരിക്കയില്ല എന്നു നമുക്ക് അറിയാം. തയ്യാറെടുക്കാതെയുള്ളതിനു വിപ രീതമാണ് ഉറപ്പുള്ളത്. നിങ്ങൾ ഒരു സന്ദർശനത്തിനു പദ്ധതിയിട്ടില്ലെങ്കിൽ ഒരുപക്ഷെ നിങ്ങൾ വീട്ടിലിരുന്നു റ്റിവി കാണുമായിരിക്കും! തയ്യാറെടുപ്പി ല്ലാത്ത ആത്മിയ ജീവിതം സ്വാഭാവികമായും ഏറ്റവും താഴെക്കിടയിലേക്കു

ഇറങ്ങും. ഓടുവാൻ ഒരു ഓട്ടവും പോരാടുവാൻ ഒരു പോരാട്ടവും ഉണ്ട്. നിങ്ങൾക്കു പ്രാർത്ഥനയുടെ നവീകരണം വേണമെന്നുണ്ടെങ്കിൽ ഒരു പദ്ധതി തയ്യാറാക്കി നോക്കുക.

അതുകൊണ്ടു, എന്റെ നിസാര പ്രബോധനം ഇതാണ്: ഇന്നുതന്നെ നമുക്ക് നമ്മുടെ മുൻഗണനകളെ പുനർചിന്തനം നടത്തി അതെങ്ങനെ പ്രാർത്ഥനക്കു യോജിച്ചതാക്കാം എന്നു കണ്ടെത്തുക. ചില പുതിയ തീരുമാനങ്ങൾ എടുക്കുക. ദൈവവുമായി ചില പുതിയ സമീപനങ്ങൾ എടുക്കുക. സമയം അതിനായി ഒരുക്കുക. ഒരു സ്ഥലവും ഒരുക്കുക. നിങ്ങളെ നയിക്കുവാൻ തിരുവചനത്തെ അനുവദിക്കുക. തിരക്കിൽ പെട്ട് സ്വേഛാധിപതി ആകരുത്. നമുക്ക് എല്ലാം മദ്ധ്യേ തിരുത്തലുകൾ ആവശ്യമാണ്. ഈ ദിവസം പ്രാർത്ഥനക്കായി തിരിയുക – ദൈവ മഹത്വത്തിനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുന്നതിനും.[1]

## ഉപസംഹാരം

പിശാചിനോടു പോരാടുവാൻ എന്തു നടപടികളാണ് നിങ്ങൾ എടുക്കുന്നത്? നിങ്ങളുടെ കുടുംബം ആത്മിയ ആക്രമണത്തിലകപ്പെടുമ്പോൾ നിങ്ങൾ എന്തു പ്രതിരോധമാണ് എടുക്കുന്നത്? ഇരുട്ടിന്റെ അധികാരങ്ങളോടു "നല്ല പോർ പൊരുതുവാൻ" നിങ്ങളുടെ സഹക്രിസ്ത്യാനികളെ നിങ്ങൾ എങ്ങനെ സഹായിക്കും?

നിങ്ങൾക്കുള്ള ഉത്തരം അപ്പൊസ്തലന്റെ വാക്കുകളിൽ ഉണ്ട്:

> … ഒരുങ്ങുക. നിങ്ങൾക്ക് സ്വയം കഴിയുന്നതിനപ്പുറമായി നേരിടേണ്ടവരാണ്. ലഭിക്കാവുന്ന എല്ലാ സഹായവും, ദൈവം നൽകുന്ന എല്ലാ ആയുധങ്ങളും എടുക്കുക, എല്ലാം കഴിയുമ്പോഴും നിങ്ങൾ നിങ്ങളിൽ തന്നെ നിന്ന് ശബ്ദമുണ്ടാക്കുകയായിരിക്കാം. സത്യവും, നീതിയും, സമാധാനവും, വിശ്വാസവും, രക്ഷയും വാക്കുകളേക്കാൾ ഉപരിയാണ്. അവ എങ്ങനെ ഉപയോഗിക്കാം എന്നു പരിശീലിക്കുക. അവ നിങ്ങളുടെ ജീവിതത്തിൽ എല്ലായ്പ്പോഴും ആവശ്യമാണ്. *ഒഴിച്ചുകൂടാനാവാത്ത* ആയുധമാണ് ദൈവവചനം. അതുപോലെ, നിങ്ങളുടെ പോരാട്ടത്തിന് പ്രാർത്ഥനയും ആവശ്യമാണ്. കഠിനമായും സുദീർഘമായും പ്രാർത്ഥിക്കുക. നിങ്ങളുടെ സഹോദരീ സഹോദരന്മാർക്കായി പ്രാർത്ഥിക്കുക. നിങ്ങളുടെ കണ്ണുകൾ തുറന്നു വയ്ക്കുക. ആരും വീണുപോകാതെയിരിക്കേണ്ടതിന് മറ്റുള്ള ആത്മാക്കളെ കുറിച്ച് ശ്രദ്ധാലുക്കളാവുക (6:13–18; റ്റിഎം).

---

കുറിപ്പു

[1]ജോൺ പൈപ്പർ, *ഡിസൈറിങ് ഗോഡ്* (പോർട്ട്ലാന്റ്, ഓറെഗ്.: മൾട്ട്നോമാ, 1986), 150–51, ക്വോട്ടഡ് ബൈ ആർ. കെന്റ് ഹ്യൂഗ്സ്, *എഫെഷ്യൻസ്: ദ മിസ്റ്ററി ഓഫ് ദ ബോഡി ഓഫ് ക്രൈസ്റ്റ്* (വീറ്റൺ, Ill.: ക്രോസ്‌വേ ബുക്ക്സ്, 1990), 257–58.